# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5519

18.11.2019 ലെ മറുപടിയ്ക്ക്

### കരുനാഗപ്പള്ളി മണ്ഡലത്തിൽ അപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ

| ചോദ്യം<br>ശ്രീ.ആർ.രാമചന്ദ്രൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിൽ ദേശീയ പാതയിൽ ഹൈസ്കൂൾ ജംഗ്ഷൻ മുതൽ ഓച്ചിറ വരെയുള്ള ഭാഗങ്ങളിൽ നിരന്തരമായുണ്ടാകുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിന് പോലീസ് എന്തെല്ലാം നടപടി-കളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (എ) | കരുനാഗപ്പള്ളി ഹൈസ്കൂൾ ജംഗ്ഷൻ മുതൽ ഓച്ചിറ വരെയുള്ള ഭാഗങ്ങളിൽ കൺട്രോൾ റൂം വെഹിക്കിൾ, ഹൈവേ പോലീസ് എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തി പട്രോളിംഗും, വാഹന പരിശോധനയും നടത്തി ഗതാഗത നിയമ ലംഘനവും, വാഹന അപകടവും നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത ഭാഗങ്ങളിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ലാത്ത വവ്വാക്കാവ്, പുത്തൻതെരുവ്, ചങ്ങൻകുളങ്ങര ക്ഷേത്ര ജംഗ്ഷൻ എന്നിവിട-ങ്ങളിൽ ഹോം ഗാർഡിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (ബി) | വവ്വാക്കാവ് ജംഗ്ഷനിൽ ഹോം ഗാർഡിനെ നിയമിച്ചിട്ടുണ്ട്. പുത്തൻതെരുവ്, ചങ്ങൻ-കുളങ്ങര എന്നിവിടങ്ങളിൽ ഹോം ഗാർഡിനെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | ദേശീയ പാതയുടെ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്ന പ്രസ്തുത മണ്ഡലത്തിൽ പുതിയകാവിലെ സിഗ്നൽ പോയിന്റിൽ ട്രാഫിക് നിയന്ത്രി-ക്കുന്നതിന് കൂടുതൽ പോലീസുകാരെ നിയോഗിക്കുമോ; വിശദീകരിക്കുമോ? | (സി) | വാഹനതിരക്ക് അനുഭവപ്പെടുന്ന സമയങ്ങളിൽ ട്രാഫിക് നിയന്ത്രിക്കുന്നതിന് കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ ഇവിടെ നിയോഗിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ